(സി) ഒരു സമുദായത്തിന്റെ പിന്നോക്കാവസ്ഥ സംബന്ധിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സമുദായത്തെ പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ നൽകുന്ന ശിപാർശയിന്മേൽ രജിസ്ട്രാർ ജനറൽ ഓഫ് ഇന്ത്യ, ദേശീയ പട്ടികജാതി/ പട്ടികവർഗ്ഗ കമ്മീഷൻ എന്നിവരുടെ പരിശോധനയ്ക്കും പരിഗണനയ്ക്കും ശേഷമാണ് ടി സമുദായത്തെ പട്ടികജാതി/പട്ടികവർഗ്ഗ പട്ടികയിൽ ഉൾപ്പെടുത്തണമോ യെന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ തീരുമാനമെടുക്കുന്നത്. ആയത് പാർലമെന്റിൽ അവതരിപ്പിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടി സമുദായത്തെ ഉൾപ്പെടുത്തി ഭരണഘടനാ ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സർക്കാർ ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾ

231 (5034) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും സമുദായത്തെ എസ്. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനോ, എസ്. സി. ലിസ്റ്റിൽ ഉൾപ്പെട്ട ഏതെങ്കിലും സമുദായങ്ങളെ ലിസ്റ്റിൽനിന്നും നീക്കുന്നതിനോ ഉള്ള അപേക്ഷകൾ ലഭിക്കുകയോ, ആയതിനുള്ള നടപടി ആരംഭിക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ഏതെങ്കിലും സമുദായത്തെ പുതുതായി ഒ. ബി. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ നിലവിലെ ഏതെങ്കിലും സമുദായങ്ങളെ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(സി) ഏതെങ്കിലും സമുദായത്തെ പുതുതായി ഒ .ഇ. സി. ലിസ്റ്റിൽ ഉൾപ്പെടുത്തുകയോ, നിലവിലെ ഏതെങ്കിലും സമുദായങ്ങളെ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) നിരവധി സമുദായസംഘടനകൾ, സമുദായങ്ങളുടെ പിന്നോക്കാവസ്ഥ പരാമർശിച്ച് തങ്ങളെയും പട്ടികജാതി പട്ടികയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് നിവേദനങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിവേദനങ്ങൾക്കുമേൽ കിർത്താഡ്സിൽ നിന്നും ലഭ്യമാക്കിയ റിപ്പോർട്ടുകൾ പ്രകാരം പ്രസ്തുത സമുദായങ്ങളൊന്നും തന്നെ "അയിത്താചാരണത്തിന്റെ ഭാഗമായി വന്നഭവിച്ച സാമൂഹികമായ പിന്നോക്കാവസ്ഥ" അനുഭവിക്കുന്നില്ലെന്നതിനാൽ, ശിപാർശ നൽകിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ പുതുതായി അഞ്ചുനാട്, വെള്ളാളർ, കുന്നുവർമന്നാടി, എരുമക്കാർ, തുർക്കർ/തുർക്കൻ എന്നീ നാല് സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു സമുദായത്തെയും ഒഴിവാക്കിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒ.ഇ.സി. പട്ടികയിൽ പുതുതായി ഹിന്ദു-മലയാളി, കുന്നുവർ മന്നാടി എന്നീ രണ്ട് സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരു സമുദായത്തെയും ഒഴിവാക്കിയിട്ടില്ല.

സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

232 (5035) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വയം പര്യാപ്ത ഗ്രാമ പദ്ധതിയിൽപ്പെടുത്തി എത്ര പട്ടികജാതി കോളനികൾ നവീകരിച്ച് നൽകിയിട്ടുണ്ട് ; നിയോജകമണ്ഡലം തിരിച്ച് വിശദാംശം നൽകാമോ ;

(ബി) 2015-16 വർഷം ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ എത്ര പട്ടികജാതി കോളനികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ; വിശദാംശം നൽകാമോ ;

(സി) ഇല്ലെങ്കിൽ മണ്ഡലത്തിൽനിന്നും കൂടുതൽ കോളനികളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സ്വയം പര്യാപ്ത ഗ്രാമ പദ്ധതിയിൽപ്പെടുത്തി 2012-13 സാമ്പത്തിക വർഷം 15 പട്ടികജാതി കോളനികൾ നവീകരിച്ച് നൽകിയിട്ടുണ്ട്. നിയോജകമണ്ഡലം തിരിച്ച് വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 2015-16 വർഷം പദ്ധതിയിലേയ്ക്ക് കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. 2012-13, 2013-14 വർഷങ്ങളിൽ തെരഞ്ഞെടുത്ത കോളനികളിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ കോളനികൾ തെരഞ്ഞെടുക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly